# കേരള സർവകലാശാല

നം.പി.ആർ.148/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

2019 ഏപ്രിലിൽ നടത്തിയ ബി.എ അഫ്സൽ ഉൽ ഉലമ (ആന്വൽ സ്കീം) 2018 സെപ്റ്റംബർ സെഷൻ പാർട്ട് ഒന്നും രണ്ടും പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 18 വരെ അപേക്ഷിക്കാം. 2019 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.പി.എ (വോക്കൽ/വീണ/വയലിൻ/മൃദംഗം/ഡാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.പി.എ (മൃദംഗം) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 16 മുതൽ 18 വരെയും ബി.പി.എ (വോക്കൽ) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 15 മുതലും ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 ആഗസ്റ്റിൽ 14 മുതൽ നടക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം/റെഗുലർ (ഈവനിംഗ്)/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ 18 വരെയും 50 രൂപ പിഴയോടെ ജൂലൈ 22 വരെയും 125 രൂപ പിഴയോടെ ജൂലൈ 24 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്പ്ച്ചർ) പരീക്ഷകൾ 2019 ജൂലൈ 24 ന് ആരംഭിക്കുന്നതാണ്. പിഴ കൂടാതെ ജൂലൈ 12 വരെയും 50 രൂപ പിഴയോടെ ജൂലൈ 15 വരെയും 125 രൂപ പിഴയോടെ ജൂലൈ 17 വരെയും അപേക്ഷിക്കാം.

യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി മേഴ്സിചാൻസ് (2011 അഡ്മിഷൻ) 2019 ജൂലൈ 22 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 12 വരെയും 50 രൂപ പിഴയോടെ ജൂലൈ 15 വരെയും 125 രൂപ പിഴയോടെ ജൂലൈ 16 വരെയും ആഗസ്റ്റ് 5 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 15 വരെയും 50 രൂപ പിഴയോടെ ജൂലൈ 17 വരെയും 125 രൂപ പിഴയോടെ ജൂലൈ 19 വരെയും ഓഫ്‌ലൈനായി അപേക്ഷിക്കാം.

## സമ്പർക്ക ക്ലാസ്

കൊല്ലം സെന്ററിലെ രണ്ടാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ്, എം.എ മലയാളം, സോഷ്യോളജി, ഇംഗ്ലീഷ്, ഹിസ്റ്ററി, ബി.കോം, ബി.എ മലയാളം, ഹിസ്റ്ററി, സോഷ്യോളജി, ഇംഗ്ലീഷ് 2018 ബാച്ച് ക്ലാസുകൾ ജൂലൈ 13 മുതൽ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം സെന്ററിൽ 13, 14 തീയതികളിൽ രണ്ടാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല.

## ശിൽപശാല

ഗവേഷക വിദ്യാർത്ഥികൾക്കായി സർവകലാശാല ഗവേഷക വിദ്യാർത്ഥി യൂണിയനും ഐ.ക്യു.എ.സി യും സംയുക്തമായി സംഘടിപ്പിക്കുന്ന റിസർച്ച് മെത്തഡോളജി (ഗവേഷണ രീതിശാസ്ത്രം) ശിൽപശാല ജൂലൈ 19, 20 തീയതികളിൽ കാര്യവട്ടം കാമ്പസിൽ വെച്ച് നടക്കുന്നു. വിശദവിവരങ്ങൾക്ക്: അരുൺ സി അപ്പുക്കുട്ടൻ - 9446035844, മായ കെ - 9048054508 Mail id: researchstudentsunionku@gmail.com

## പി.ജി. പ്രവേശനം - ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തി കോളേജ് തല പ്രവേശനം ജൂലൈ 10, 11, 12 തീയതികളിൽ

സർവകലാശാലയുടെ 2019-20 അദ്ധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി (http://admissions.keralauniversity.ac.in). അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ജൂലൈ 10, 11, 12 തീയതികളിൽ കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെ ഇതു വരെയും ഒരു കോളേജുകളിലും പ്രവേശനം ലഭിക്കാത്തതും എന്നാൽ ഈ അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്തവർ യൂണിവേഴ്സിറ്റി ഫീസ് ഓൺലൈനായി ഒടുക്കേക്കേണ്ടതാണ്. ഇപ്രകാരം യൂണിവേഴ്സിറ്റി ഫീസ് അടച്ചവർ അലോട്ട്മെന്റ് മെമ്മോ പ്രിന്റെടുക്കേണ്ടതും മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്.

രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം കോളേജിൽ പ്രവേശനം നേടിയവർ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേയ്ക്ക് ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ചാൽ വീണ്ടും ലോഗിൻ ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കും. അങ്ങനെയുള്ളവർ നിർബന്ധമായും ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്ന് ടി.സി. വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഇങ്ങനെയുള്ളവർ വീണ്ടും യൂണിവേഴ്സിറ്റി ഫീസ് അടയ്ക്കേണ്ടതില്ല.

യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (അസൽ) സഹിതം മെമ്മോയിൽ പറഞ്ഞിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിലേയ്ക്ക് പരിഗണിക്കുന്നതുമല്ല

## <u>യു.ജി/പി.ജി പ്രവേശനം 2019</u>
## <u>സ്പോർട്സ് ക്വാട്ട പ്രവേശനം</u>

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് വെരിഫിക്കേഷൻ സ്റ്റാറ്റസ് നോക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പരാതിയുള്ളവർ 11.07.2019 – നകം രേഖാമൂലം പരാതി നൽകണം.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം,
09-07-2019



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098